**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 941** **29-06-2026-ൽ മറുപടിയ്ക്ക്**

**മയ്യിൽ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പുരോഗതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** തളിപ്പറമ്പ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട നിർദിഷ്ട മയ്യിൽ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സെന്റ് ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

**മറുപടി:** തളിപ്പറമ്പ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മയ്യിൽ വില്ലേജിലെ R.S. 87/5-ലെ 0.2061ഹെക്ടർ (50.93 സെന്റ്) ഭൂമിയിൽ മയ്യിൽ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ വേണ്ടി പൊലീസ് വകുപ്പിന്റെ നിർദ്ദേശം ലഭിച്ചത് പ്രകാരം ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി 10.04.2025-ലെ സ.ഉ.(സാധാ)നം. 570/2025/PWD പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ രൂപരേഖ തയ്യാറാക്കുകയും മണ്ണ് പരിശോധന പൂർത്തിയാക്കുകയും സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിനായി 25.05.2026 തീയതിയിൽ ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുമുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**(ബി)** കെട്ടിട നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തുക വകയിരുത്തിയിട്ടുണ്ടോയെന്നും ആയതിന്റെ രൂപരേഖ തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ടോ എന്നും കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**